കേരള സർക്കാർ

# കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം (പി3)2027/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email :- doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 02.11.2018

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴപ്പിള്ളി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം (പി3)2027/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email : doekm.ksad@kerala.gov.in
തീയതി : 02/11/2018

## എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

. എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 17-9-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, പണം ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 07 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ജയ.സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.09.2018 മുതൽ 29.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ മൈക്കിൾ കെ.എ., ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജീവ്.എൻ.എം.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .ബെറ്റ്സി.സി.എക്സ്.ഓഡിറ്റർ |
| | ശ്രീ.ടിനു കെ.ജെ.ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി രജിത സജീവ് | 01.04.17 | 31.03.18 |
| വൈസ് പ്രസിഡന്റ് | ശ്രീ. കെ.എ. ശിവൻ | 01.04.17 | 31.03.18 |
| സെക്രട്ടറി | ശ്രീമതി എസ്.ലതിക കുമാരി | 01.04.17 | 01.05.17 |
| | ശ്രീമതി ശ്രീലത.ജി അഡി.ചാർജ്ജ് | 02.05.17 | 07.06.17 |
| | ശ്രീ.സഞ്ജയ് പ്രഭു.ഡി | 08.06.17 | 31.03.18 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി അനുജ.ജോർജ്ജ് | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ, ഗവ:ആയുർവ്വേദ ഡിസ്പെൻസറി, എളങ്കുന്നപ്പുഴ | ഡോ. ഷീബ തോമസ് | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ, ഗവ: ഹോമിയോ ഡിസ്പെൻസറി, എടവനക്കാട് | ഡോ. ആർ ശ്രീരാജ് | 01.04.17 | 31.08.17 |
| | ഡോ.ലെംസി ഫ്രാൻസിസ്.പി | 01.09.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.സുരേഷ്കുമാർ.പി.ആർ. | 01.04.17 | 31.03.18 |
| വെറ്ററിനറി സർജൻ | ഡോ. സൈറ പി.എ. | 01.04.17 | 02.06.17 |
| | ഡോ.ബീന | 03.06.17 | 31.03.18 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.വിനീത.പി.വി. | 01.04.17 | 30.11.17 |
| | ശ്രീമതി.ലക്ഷ്മി.എൽ | 01.12.17 | 31.03.18 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ രാജേന്ദ്രൻ ഒ.ബി. | 01.04.17 | 31.03.18 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ശാലിനി എം.എം. | 01.04.17 | 31.03.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനില രഘുനാഥ് | 01.04.17 | 31.03.18 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ രതീഷ് ബാബു | 01.04.17 | 31.03.18 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി ലീന തോമസ് | 01.04.17 | 31.03.18 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |

| | | |
|---|---|---|
| 14 | ഡി.ആന്റ്.ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| | ഭാഗം 3 | |
| 15 | പരസ്യ നികുതി-ലേലത്തുകയിൽ അനധികൃതമായി ഇളവനുവദിച്ചു | 3-1 |
| 16 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നും ലഭിച്ചില്ല. | 3-2 |
| 17 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി-അപാകതകൾ | 3-3 |
| 18 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കീയിട്ടില്ല.;ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 19 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതി-അപാകത | 3-5 |
| 20 | ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | 3-6 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 30 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം. | 4-10 |
| | അനുബന്ധ പത്രികകൾ | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2017-18 | അനുബന്ധം.1 |
| 32 | ബാലൻസ് ഷീറ്റ് – 2017-18 | അനുബന്ധം.2 |
| 33 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2017-18 | അനുബന്ധം.3 |
| 34 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് – 2017-18 | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 29.03.2017 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രിക 09.05.2018 ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരിച്ചയച്ച തീയതി |
|---|---|---|---|
| 31.7.2018 | 09.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 30.08.2018 ൽ ഓഡിറ്റ് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം/തീയതി |
|---|---|---|
| 2017-18 | 12.6.2018 മുതൽ 13.6.2018 വരെ | കെ.എസ്.എ-ഇ.കെ.എം (പിജി) 1786 ( 41)/2018 30.08.2018 |

## 1-4 സാമ്പത്തിക വിശകലനം

കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ കണക്കുകളുടെ സാമ്പത്തിക വിശകലനം താഴെ കൊടുക്കുന്നു :-

| | |
|---|---|
| മുന്നിരിപ്പ് | 65,39,928 |
| വരവ് | 3,38,84,740 |
| ആകെ | 4,04,24,668 |
| ചെലവ് | 3,46,38,097 |
| നീക്കിയിരിപ്പ് | 57,86,571 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മെന്റ്) | | | | |
| വികസന ഫണ്ട് (ജനറൽ) | | 0 | 70,66,000 | 70,66,000 | 52,27,180 | 18,38,820 | 0 |
| വികസന ഫണ്ട്- (എസ്.സി.പി.) | | 0 | 43,66,332 | 43,66,332 | 32,00,884 | 11,65,448 | 0 |
| വികസന ഫണ്ട് - ടി.എസ്.പി. | | 0 | 10,996 | 10,996 | 0 | 10,996 | 0 |
| സംരക്ഷണഗ്രാന്റ്- (റോഡ്) | | 0 | 29,54,600 | 29,54,600 | 27,79,358 | 1,75,242 | 0 |
| സംരക്ഷണഗ്രാന്റ്- നോൺ റോഡ് | | 0 | 27,27,233 | 27,27,233 | 27,23,484 | 3,749 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 33,18,442 | 33,18,442 | 27,16,862 | 6,01,580 | 0 |
| ലോകബാങ്ക് ധനസഹായം | | 0 | 14,76,190 | 14,76,190 | 14,36,263 | 39,927 | 0 |
| സാക്ഷരത | | 5169 | 68167 | 73336 | 69658 | 0 | 3678 |
| ദുരിദാശ്വാസ നിധി | | 19485 | 688 | 20173 | 10 | 0 | 20163 |
| എം.ജി.എൻ .ആർ.ഇ.ജി.എസ് | | 152058 | 14251895 | 14403953 | 14248038 | 0 | 155915 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 365709 | 380457 | 746166 | 436559 | 0 | 309607 |
| ജോയിന്റ് അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 822787 | 1097116 | 1919903 | 406557 | 0 | 1513346 |
| | ജില്ലാ പഞ്ചായത്ത് | 0 | 150000 | 150000 | 150000 | 0 | 0 |
| തനത് ഫണ്ട് | ട്രഷറി | 663074 | 6918972 | 7582046 | 7553710 | 0 | 28336 |
| | ബാങ്ക് | 2539023 | 2331520 | 4870543 | 2546463 | 0 | 2324080 |

വികസന ഫണ്ട് (റ്റി.എസ്.പി) അലോട്ട്മെന്റ് തുകകൾ തൻ വർഷം ചെലവ് വന്നിട്ടില്ല. അലോട്ട്മെന്റ് തുകകൾ പരമാവധി വിനിയോഗിക്കുവാൻ അധികാരികൾ ജാഗ്രത പാലിക്കേണ്ടതാണ്.

## 1-6. പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് ( എണ്ണം) | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 142 | 40022435 | 93 | 19736493 | 30 | 19 | 65.5 |

. പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളില്ല.

.

## 1-7 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയി |
|---|---|---|---|---|---|
| | | | | | |
| ഭരണചെലവുകൾ | 152058 | 633054 | 785112 | 629197 | 155915 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 9606656 | 9606656 | 9606656 | -- |
| മറ്റിനം | -- | 4012185 | 4012185 | 4012185 | -- |
| ആകെ | 152058 | 14251895 | 14403953 | 14248038 | 155915 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29,760 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 11,55,150 | 95 |
| വിധവാപെൻഷൻ | 44,40,910 | 374 |
| വാർദ്ധക്യകാല പെൻഷൻ | 74,65,250 | 654 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 8,18,705 | 76 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 3,77,765 | 33 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,00,000 | 6 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2018ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12798/-രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 അഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി പരിപാലിച്ചു പോരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറിയിൽ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല. പല തീയതികളിലും സേവനം നൽകിയ തീയതി ചേർത്തിട്ടില്ല.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം സെക്ഷനിലേക്ക് കൈമാറുന്നതിലും എത്തിയ തപാലുകൾ തീർപ്പാക്കുന്നതിലും കാലതാമസം വരുന്നുണ്ട്.

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.18 | 05/2018 | 06.06.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.5.18 മുതൽ 13.06.18 വരെ | 01.04.13 മുതൽ 31.03.18 വരെ | 12.07.18 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

അനുബന്ധം – 1 ആയി ചേർത്തിട്ടുണ്ട്.

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു.

2017-18 ഒന്നാം അർദ്ധവർഷം

| പേര് | ശമ്പളം | രശീത് നമ്പർ/ തീയതി | തൊഴിൽ നികുതി | | |
|---|---|---|---|---|---|
| | | | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
| 1. അയ്യമ്പിള്ളി ദേവസ്വം ശ്രീമതി കെ.വി. ഉമാദേവി, കഴകം. | 1,34,580 | 117026102051 28-09-2017 | 1250 | 1000 | 250 |
| 2017-18 രണ്ടാം അർദ്ധവർഷം | | | | | |
| 1. അയ്യമ്പിള്ളി ദേവസ്വം ശ്രീ. അജിതകുമാർ, കീഴ്ശാന്തി. | 1,26,900 | 11700103601 07-02-2018 | 1250 | 1000 | 250 |
| | | | | ആകെ | 500 |

. 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ കുറവായി ഈടാക്കിയിരിക്കുന്ന 500/-രൂപ അതാത് ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 ഡി.ആന്റ്.ഓ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് 2017-18 വർഷം അപേക്ഷകളിലെ 17-ാം നമ്പർ അപേക്ഷകനായ ശ്രീ. ഉണ്ണികൃഷ്ണൻ, കന്നിയന്തര, കുഴുപ്പിള്ളി എന്നയാൾ മത്സ്യം സ്റ്റോർ ചെയ്യുന്നതിന് ഡി.ആന്റ് ഒ. ലൈസൻസിന് അപേക്ഷിച്ചപ്പോൾ യന്ത്രമുപയോഗിക്കുന്നതിനുള്ള ഫീസായി 150 രൂപയാണ് അടച്ചിരിക്കുന്നത്. 30 കുതിരശക്തിയിൽ പ്രവർത്തിക്കുന്ന യന്ത്രമാണ് ടിയാൻ ഉപയോഗിക്കുന്നത്. കേരള

പഞ്ചായത്ത് രാജ് നിയമം (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 പ്രകാരം 20 മുതൽ 30 വരെ കുതിരശക്തിയിൽ പ്രവർത്തിക്കുന്ന യന്ത്രം ഉപയോഗത്തിന് 300/- രൂപയാണ് ഫീസ് ചുമത്തേണ്ടത്. ആയതിനാൽ ശേഷിക്കുന്ന 150/- രൂപ ടിയാളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ഓഡിറ്റ് ഇംപാക്ട്

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ തൊഴിൽ നികുതി പിരിച്ചതിൽ കുറവ് വന്നത് 28-09-2018 ലെ നാലാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 800 രൂപ ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | സ്ഥാപനം | ഈടാക്കിയ തൊഴിൽ നികുതി | രശീതി നം. | തീയതി |
|---|---|---|---|---|---|
| 1 | ശ്രീമതി അല്ലി വിശ്വംഭരൻ (1st Half) | ആയുഷ് പി.എച്ച്.സി. | 400 | 117020101880 | 29.09.2018 |
| 2 | ശ്രീമതി അല്ലി വിശ്വംഭരൻ (II nd Half) | ആയുഷ് പി.എച്ച്.സി. | 150 | 118020101602 | 29.09.018 |
| 3 | ശ്രീമതി. അനിത പി.കെ. | മാവേലി മെഡിക്കൽ സ്റ്റോർ, കുഴുപ്പിള്ളി. | 250 | 118020101600 | 29.09.2018 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പരസ്യനികുതി-ലേലത്തുകയിൽ അനധികൃതമായി ഇളവനുവദിച്ചു

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം 20-03-2017 ൽ പുനർലേലം നടത്തിയതിൽ/ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കൂടുതൽ തുക ക്വോട്ട് ചെയ്ത ശ്രീ. ബാബു കെ.ടി., കാട്ടുപാടത്ത് വീട്, കെടാമംഗലം, വടക്കൻ പറവൂർ എന്നയാളുടെ 52751 രൂപയുടെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റിയുടെ 22-03-2017 ലെ 5 (1) തീരുമാനപ്രകാരം അംഗീകരിക്കുകയും 31-03-017 ൽ കരാറുണ്ടാക്കുകയും ചെയ്തു. കരാർ/ലേല വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ ലേലത്തുകയുടെ മൂന്നിലൊന്ന് തുക നിരതദ്രവ്യം കൂടാതെ സെക്യൂരിറ്റി നിക്ഷേപമായി അപ്പോൾത്തന്നെയും ലേലത്തുക 2017ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ആറുമാസങ്ങളിലായി തുല്യ ഗഡുക്കളായി ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പായും പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. അതനുസരിച്ച് ശ്രീ. ബാബു കെ.ടി. താഴെപറയും പ്രകാരമുള്ള തുക പഞ്ചായത്തിൽ ഒടുക്കിയിരുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ | തീയതി | തുക | ഇനം |
|---|---|---|---|---|
| 1 | 11602103137 | 20-03-17 | 1,200 | നിരത ദ്രവ്യം |
| 2 | 11602103148 | 20-03-17 | 17,600 | സെക്യൂരിറ്റി തുക (ലേലത്തുകയുടെ മൂന്നിലൊരു ഭാഗം ) |
| 3 | 117020100464 | 31-05-17 | 11,826 | ഏപ്രിൽ, മെയ് മാസങ്ങളിലെ |

| | | | | |
|---|---|---|---|---|
| | | | | ലേലത്തുക (സെക്യൂരിറ്റി തുക കഴിഞ്ഞുള്ള ലേലത്തുകയുടെ ആറിലൊന്ന് തുകയായ 5859 രൂപ വീതം + 12% പലിശ 108 രൂപ) |
| ആകെ | | | 30,626 | |

പിന്നീട് 16-09-2017 ലെ 10017/leg.A2/2017/Law നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം കേരള പഞ്ചായത്ത് രാജ് സെക്ഷൻ 209 പ്രകാരമുള്ള പരസ്യ നികുതി പിരിവ് റദ്ദുചെയ്തിരിക്കുന്നതിനാൽ 01-07-17 മുതലുള്ള പരസ്യനികുതി പിരിവ് നിയമവിരുദ്ധമാണെന്ന് അറിയിച്ചുകൊണ്ടും ആയതിനാൽ പരസ്യനികുതി ലേലവുമായി ബന്ധപ്പെട്ട 31-03-17 ലെ കരാർ 01-07-17 പ്രാബല്യത്തിൽ റദ്ദ് ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും 04-12-17 ൽ പഞ്ചായത്ത് കരാറുകാരന് കത്ത് നൽകി. ഇതിന് മറുപടിയായി കരാറുകാരൻ 08-12-17 ൽ നൽകിയ കത്തിൽ നിയമസെക്രട്ടറിയുടെ ഉത്തരവ് പ്രകാരം പരസ്യദാതാക്കൾ പരസ്യ നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ല എന്ന് തീരുമാനമെടുത്തതിനാൽ തനിക്ക് പരസ്യനികുതി പിരിക്കാൻ പറ്റാത്ത സാഹചര്യമാണെന്ന് അറിയിക്കുകയും ആയതിനാൽ താൻ ഇതുവരെ അടച്ച തുകയിൽ നിന്നും 01-04-17 മുതൽ 30-06-17 വരെയുള്ള മൂന്നുമാസത്തെ ആനുപാതിക പരസ്യനികുതിയായ 13188 രൂപ ( 52751/12X3) കുറച്ച് ബാക്കിയുള്ള 17,330 രൂപ (30518-13188) തനിക്ക് തിരികെ നൽകി കരാർ റദ്ദാക്കണമെന്ന് പഞ്ചായത്തിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. അതനുസരിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28-12-17 ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 01-03-18 ലെ 6(1) നമ്പർ തീരുമാന പ്രകാരം 17330 രൂപ ശ്രീ. ബാബു കെ.ടി.ക്ക് തിരികെ നൽകാൻ തീരുമാനിക്കുകയും 22-03-18 ലെ വൗച്ചർ നമ്പർ 913 പ്രകാരം 17330 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

(1) <u>പരസ്യ നികുതി റദ്ദ് ചെയ്തതിന് ശേഷവും നികുതി പിരിച്ചു.</u>

01-07-17 മുതൽ പരസ്യനികുതി പിരിവ് നടത്താൻ പറ്റാത്ത സാഹചര്യത്തിലാണ് ലേലത്തുകയിൽ ആനുപാതിക ഇളവ് അനുവദിക്കാൻ ആവശ്യപ്പെടുന്നതെന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 01-07-17 ന് ശേഷവും കരാറുകാരൻ രശീത് മുഖേന പരസ്യ നികുതി പിരിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം പരസ്യദാതാക്കളിൽ നിന്നും നികുതി പിരിക്കുന്നതിനായി കരാറുകാരന് പഞ്ചായത്ത് അംഗീകരിച്ചുനൽകിയ ഒന്നാം നമ്പർ രശീത് ബുക്ക് ഉപയോഗിച്ച് 01-07-17 മുതൽ 06-11-17 വരെയായി കരാറുകാരൻ പരസ്യനികുതി പിരിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

.

| ക്രമ നമ്പർ | രശീതി നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 07 | 14-07-17 | 600 |
| 2 | 08 | 14-07-17 | 600 |
| 3 | 09 | 14-07-17 | 750 |
| 4 | 10 | 14-07-17 | 300 |
| 5 | 11 | 14-07-17 | 500 |
| 6 | 12 | 14-07-17 | 800 |
| 7 | 13 | 14-07-17 | 1,000 |
| 8 | 14 | 25-06-17 | 240 |
| 9 | 15 | 26-07-17 | 300 |
| 10 | 16 | 03-08-17 | 1,400 |
| 11 | 17 | 25-09-17 | 288 |

| | | | |
|---|---|---|---|
| 12 | 18 | 30-09-17 | 1,000 |
| 13 | 19 | 30-09-17 | 2,000 |
| 14 | 20 | 29-09-17 | 1,300 |
| 15 | 21 | 29-09-17 | 1,000 |
| 16 | 22 | 29-09-17 | 1,000 |
| 17 | 24 | 04-11-17 | 300 |
| 18 | 25 | 06-11-17 | 300 |
| ആകെ | | | 13,678 |

പരസ്യനികുതി റദ്ദുചെയ്ത 01-07-17 ന് ശേഷവും പരസ്യനികുതി പിരിക്കുകയും പരസ്യ നികുതി പിരിക്കാൻ പറ്റുന്നില്ല എന്ന് പറഞ്ഞ് അനധികൃതമായി ലേലത്തുകയിൽ ഇളവ് ആവശ്യപ്പെടുകയുമാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്.

(2) തവണതുക അടക്കുന്നതിൽ വീഴ്ച വരുത്തിയവർക്ക് ഇളവ് അനുവദനീയമല്ല.

1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4(4)ൽ കരാർ വ്യവസ്ഥ പ്രകാരം തുക അടക്കുന്നതിന് തവണ അനുവദിച്ചിട്ടുണ്ടെങ്കിൽ തടസ്സം സംഭവിക്കുന്നതുവരെയുള്ള കരാർ തുക ആ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ അടച്ചുകഴിഞ്ഞിട്ടുള്ള സംഗതികളിൽ മാത്രമേ കരാർ തുകയിൽ കിഴിവ് അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവിടെ കരാറുകാരൻ കരാർ വ്യവസ്ഥ പ്രകാരം ലേലത്തുകയുടെ ആറിലൊന്ന് തുകയായ 8792 രൂപ 05-06-17ന് മുമ്പായി അടക്കേണ്ടിയിരുന്നെങ്കിലും ആയത് അടച്ചിരുന്നില്ല. ആയതിനാൽത്തന്നെ ചട്ടപ്രകാരമുള്ള ഇളവിന് കരാറുകാരന് അർഹതയില്ലാത്തതാണ്.

(3) വിശദപരിശോധന നടത്താതെ സ്റ്റാന്റിംഗ് കമ്മിറ്റി ഇളവിന് ശുപാർശ നൽകി

നികുതിസംബന്ധമായ അപ്പീൽ കൈകാര്യം ചെയ്യാൻ ഉത്തരവാദപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വളരെ നിരുത്തരവാദപരമായാണ് ഈ വിഷയത്തിൽ തീരുമാനമെടുത്തത് എന്നുകാണുന്നു. ലേലത്തുകയിൽ ഇളവ് ആവശ്യപ്പെട്ട് കരാറുകാരൻ നൽകിയ 08-12-17ലെ അപേക്ഷ 28-12-17 ലെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിൽ പരിഗണിക്കുകയും വിശദമായ പരിശോധനയില്ലാതെ തന്നെ ഇളവ് അനുവദിക്കാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശചെയ്യുകയുമാണ് കമ്മിറ്റി ചെയ്തത്. 01-07-17മുതൽ തനിക്ക് പരസ്യനികുതി പിരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കരാറുകരന്റെ വാദം ശരിയാണോ എന്ന് പരിശോധിക്കാൻ പോലും കമ്മിറ്റി തയ്യാറായിട്ടില്ല. പരസ്യനികുതി പിരിക്കാൻ കരാറുകാരന് പഞ്ചായത്ത് അംഗീകരിച്ചുനൽകിയ രശീതി ബുക്ക് പരിശോധിച്ചിരുന്നെങ്കിൽ 01-07-17 ന് ശേഷവും കരാറുകാരൻ പരസ്യനികുതി പിരിച്ചിട്ടുണ്ടെന്ന് കമ്മിറ്റിക്ക് ബോധ്യം വരുമായിരുന്നു.

കരാറുകാരന് അനധികൃതമായി ഇളവ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22-09-17 ലെ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ 26-09-17 ലെ മറുപടിയിൽ പറഞ്ഞിട്ടുള്ളത് ഈ തുകകൾ 01-04-17 മുതൽ 30-06-17 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയ പരസ്യങ്ങളുടേതാണെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും പഞ്ചായത്ത് കമ്മിറ്റിക്കും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇളവ് അനുവദിച്ചത് എന്നാണ്. എന്നാൽ, ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ല. രശീതുകൾ പരിശോധിച്ചതിൽ, ഏത് കാലയളവിലേക്കുള്ള പരസ്യമാണെന്ന് രശീതുകളിൽ തന്നെ പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ളതായും അതിൽ പലതിലും 31-08-17, 31-10-17, 31-03-18 വരെയുള്ള കാലയളവുകളിലേക്കുള്ള പരസ്യനികുതിയാണ് പിരിച്ചിട്ടുള്ളത് എന്നും ബോധ്യമായിട്ടുണ്ട്.

നികുതി സംബന്ധമായ അപ്പീലുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നിർണ്ണായകമായതിനാൽ ഓരോ വിഷയത്തിലും വിശദപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തീരുമാനങ്ങൾ എടുക്കേണ്ടത് എന്ന് ഇത് ബോധ്യപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ പ്രകാരം പരസ്യനികുതി സംബന്ധിച്ച കരാറുകാരന്റെ അപ്പീൽ വസ്തുതകളുടെ

അടിസ്ഥാനത്തിൽ പരിശോധിക്കാതെ കരാറുകാരന് അനധികൃതമായി ഇളവ് അനുവദിച്ചതിലൂടെ 17,330 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-2 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നും ലഭിച്ചില്ല.

2017-18 വർഷ പദ്ധതി പ്രകാരം കുഴുപ്പിള്ളി ആയുർവേദ NRHM ഡിസ്പെൻസറിക്ക് അനുവദിച്ചത് 8 ലക്ഷം രൂപയായിരുന്നു. ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (IM) കേരള ലിമിറ്റഡ് , കുട്ടനെല്ലൂർ, തൃശ്ശൂർ -680014 എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി ഈ തുക വിനിയോഗിക്കുകയും ടി സ്ഥാപനത്തിന് ട്രഷറിബിൽ 01/17-18 തീയതി 22-12-17 രൂ.7,00,000, ബിൽ 02/17-18 തീയതി 19.02.2018 രൂ. 1,00,000 എന്നിങ്ങനെയായി ആകെ 8 ലക്ഷം രൂപ നൽകുകയും ചെയ്തു. എന്നാൽ സ്ഥാപനത്തിന്ൽ നിന്നും ലഭ്യമാക്കിയ ബിൽ പ്രകാരം ആകെ ബിൽ തുക 7,84,986/- രൂപയാണ്. അതായത് 15014/- രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല.
മാത്രമല്ല, താഴെ ചേർത്തിരിക്കുന്ന മരുന്നിനങ്ങൾ ബില്ലിൽ ചേർത്തിട്ടുണ്ടെങ്കിലും ആ മരുന്നുകൾ സ്ഥാപനത്തിലേക്ക് അയച്ചിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് | മരുന്ന് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | 90062042 | ക്ഷീരബല തൈലം 450 മി. | 102 | 165 | 16830 |
| 2 | 90063081 | മഹാരാസ്നാതിക് 50ഗ്രാം. | 53 | 11 | 583 |
| 3 | 90062042 | അവിപതി ചൂർണ്ണം500ഗ്രാം. | 50 | 217 | 10850 |
| | ആകെ | | | | 28263 |

. ബിൽ പ്രകാരം ബാക്കിയുള്ള 15014/- രൂപയുടെ മരുന്നും ബില്ലിൽ ഉൾപ്പെട്ടെങ്കിലും സപ്ലൈ ചെയ്യാത്ത 28263/- രൂപയുടെ മരുന്നും എത്രയും വേഗം ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ലഭ്യമാകാത്ത മരുന്നിന്റെ വിലയായി നൽകിയ 43277/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 080/17-18 |
| പ്രോജക്ടിന്റെ പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ അയ്യമ്പിള്ളി |
| അടങ്കൽ | 4,00,000 |
| ചെലവ് വിവരം | 1,00,000രൂപ(ബിൽ നമ്പർ-3 തീയതി.15.01.18)<br>50,000 രൂപ(ബിൽ നമ്പർ-5 തീയതി.15.01.18)<br>50,000 രൂപ(ബിൽ നമ്പർ-6 തീയതി.09.02.18)<br>1,00,000 രൂപ(ബിൽ നമ്പർ-21 തീയതി.31.03.18)<br>ആകെ 3,00,000 രൂപ |

കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ., അയ്യമ്പിള്ളി നിർവ്വഹണം നടത്തിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പദ്ധതിയിൽ 4 ഗുണഭോക്താക്കൾക്കാണ് പഠനമുറി നിർമ്മിച്ച് നല്കിയിരിക്കുന്നത്. പഞ്ചായത്തിന്റെ 24.08.2017 ലെ 2/30 നമ്പർ തീരുമാന പ്രകാരം 10 കുട്ടികളുടെ പേര് അടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഈ ലിസ്റ്റിൽ നിന്നും ആർക്കും പഠന മുറി ലഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിനുള്ള എൻ.ഒ.സി ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം ഉള്ളതിനാലാണ് മേൽ വിദ്യാർത്ഥികളെ ഒഴിവാക്കിയത്. 10.01.2018ലെ 16/1 തീരുമാന പ്രകാരം 29 കുട്ടികളുടെ അഡീഷണൽ ലിസ്റ്റ് തയ്യാറാക്കുകയും അതിൽ 4 പേർക്ക് പഠന മുറി തയ്യാറാക്കുന്നതിന് തുക നൽകുകയും ചെയ്തു. മേൽ പദ്ധതി നിർവ്വണത്തിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു

(1) ഗുണഭോക്താക്കളുടെ അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തുകയോ ഫോട്ടോ പതിപ്പിക്കുകയോ ചെയ്തിട്ടില്ല.

(2) 29 കുട്ടികളുടെ ലിസ്റ്റിൽ 11-ാം വാർഡിലെ അപർണ കെ.പി. ലിസ്റ്റിലെ 24-ാം ക്രമനമ്പറുള്ള ഗുണഭോക്താവാണ്. ലിസ്റ്റിലെ മുൻഗണനാ ക്രമം പാലിച്ചതായി കാണുന്നില്ല.പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയപ്പോൾ ലിസ്റ്റിലെ ക്രമ നമ്പർ പാലിക്കാതിരുന്നതിന് കൃത്യമായ കാരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

(3) കൂടാതെ ശ്രേയ എ.എസ്. എന്ന ഗുണഭോക്താവ് രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്. താരതമ്യേന മുതിർന്ന കുട്ടികളെ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.;ചെലവ് തടസ്സപ്പെടുത്തുന്നു.

| വിഹിതം കൈപ്പറ്റിയ സ്ഥാപനം | പ്രൊജ്ക്ടിന്റെ പേര് | ബിൽ നമ്പർ/തീയതി | മുൻകൂർ നല്കിയ തുക |
|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾ റദ്ദാക്കൽ | 54260/ 24.02.2018 | 56728 |
| | പഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ള കെട്ടിടങ്ങളിൽ വാട്ടർ കണക്ഷൻ | 52712/ 30.01.2018 | 72000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 84221/ 18.01.2018 (714965 രൂപ), 85377/ 16.03.2018 (201100രൂപ) | 916065 |
| ആകെ | | | 1044793 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1044793/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | തുക |
|---|---|---|
| എസ്.049/18 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 60,000 |

| | | |
|---|---|---|
| എസ്.049/18 | പേവിഷബാധ നിയന്ത്രണം | 6,000 |
| | ആകെ | 66,000 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ ഫയലുകളും അനുബന്ധരേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവഴിച്ച 66000/-രൂപ ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

.

## 3-6 ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ - മാതൃകാപരം

.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | P-97/17-18 |
| അടങ്കൽ | 49201 |
| ചെലവ് | 42982 |
| ബിൽ നമ്പർ/തീയതി | 65/27.10.17-5400<br>192/21.03.18-37582 |

.

വിലയിരുത്തൽ

മനുഷ്യരാശിയുടെ നിലനിൽപ്പിന് മറ്റു ജീവജാലങ്ങളുടെ നിലനിൽപ്പും അത്യന്താപേക്ഷിതമാണ്. നമ്മുടെ ദൈനംദിന ആവശ്യങ്ങൾക്ക് ജൈവസമ്പത്തിന്റെ നിലനിൽപ്പ് അനിവാര്യമാണ്. കാലാവസ്ഥാ നിയന്ത്രണം, മണ്ണ് സംരക്ഷണം, ജല സംരക്ഷണം, പരാഗണ പ്രക്രിയകൾ, വിത്തുവിതരണം എന്നിങ്ങനെ പല പരോക്ഷമായ ഉപയോഗങ്ങളും ജൈവവൈവിധ്യത്തിലൂടെ നമുക്ക് ലഭിക്കുന്നുണ്ട്. എന്നാൽ പരിധി കഴിഞ്ഞുള്ള ഉപയോഗം മൂലം അവയിൽ പലതും നാശത്തിന്റെ വക്കത്ത് എത്തിനിൽക്കുകയാണ്. ആയതിനാൽ നമ്മുടെ ജൈവവൈവിധ്യത്തെ പൂർണ്ണമായും രേഖപ്പെടുത്തുകയും മനസ്സിലാക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ് .ഓരോ തദ്ദേശ സ്ഥാപനങ്ങളും അതാത് സ്ഥലത്തുള്ള ജൈവസമ്പത്തിന്റെയും ബന്ധപ്പെട്ട നാട്ടറിവുകളുടേയും രേഖ ഉണ്ടാക്കി സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഇത്തരം രേഖ ജൈവവൈവിധ്യത്തെ സംരക്ഷിക്കുവാനും നമുക്ക് അവയെ സുസ്ഥിരമായി ഉപയോഗിക്കുവാനും ഉപകരിക്കുന്നു. ഇതിന് വേണ്ടി ഒരു ജൈവവൈവിധ്യ നിർവ്വഹണ കമ്മറ്റി രൂപീകരിക്കുകയും ചെയ്യപ്പെട്ടിരുന്നു.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നമ്പർ 1934/A3/2016/KSBB തീയതി 05.06.2017 ലെ കത്ത് പ്രകാരം ജൈവവൈവിധ്യ നിർവ്വഹണ കമ്മറ്റി രൂപീകരിക്കുകയും മൂന്ന് മാസത്തിനുള്ളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2017-18 വാർഷിക പദ്ധതിയിൽ മേൽപ്പറഞ്ഞ പ്രോജക്ടിനായി 49201 രൂപ വകയിരുത്തിയിരുന്നു. സർക്കാർ നിർദ്ദേശാനുസരണം 28.07.2017 ൽ 15-ാം നമ്പർ തീരുമാനപ്രകാരം ജൈവവൈവിധ്യ നിർവ്വഹണ സമിതി പുന:സംഘടിപ്പിച്ചു. ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഡാറ്റ കളക്ഷൻ വൊളണ്ടിയർമാരായി ഓരോ വാർഡിൽ നിന്നും 2 പേരെ തെരഞ്ഞെടുക്കുന്നതിന് വാർഡ് മെമ്പർമാരെ ചുമതലപ്പെടുത്തുകയും, ഡാറ്റാ കളക്ഷനു വേണ്ടി വളണ്ടിയർമാരേയും ബിഎംസി അംഗങ്ങളേയും പഞ്ചാത്ത് അംഗങ്ങളേയും ഉൾപ്പെടുത്തി ഏക ദിന പരിശീലനം നടത്തുകയും രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടിസ്വീകരിക്കുകയും ചെയ്തു. 06.04.2018 ൽ ജൈവ വൈവിധ്യ രജിസ്റ്റർ പൂർത്തീകരിച്ചു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്.

.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | എസ്052/18,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | 0 |
| | 6,00,000 | എസ്.080/18, എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി | 0 | 6,00,000 |
| | 2,00,000 | എസ്092/18, ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സീഡി | 198657 | 1,343 |
| ജില്ലാ പഞ്ചായത്ത് | 1,50,000 | എസ്052/18, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | 0 |

സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുകയുടെ വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

.

| വിഹിതം കൈപ്പറ്റിയ സ്ഥാപനം | പ്രൊജ്ക്ടിന്റെ പേര് | ബിൽ നമ്പർ/തീയതി | മുൻകൂർ നല്കിയ തുക |
|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾ റദ്ദാക്കൽ | 54260/ 24.02.2018 | 56728 |
| | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വാട്ടർ കണക്ഷൻ | 52712/ 30.01.2018 | 72000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 84221/ 18.01.2018 (714965 രൂപ), 85377/ 16.03.2018 (201100രൂപ) | 916065 |
| ആകെ | | | 1044793 |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ ഓഡിറ്റ് വർഷത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 952/2010/ ത.സ്വ.ഭ.വ തീ.19.03.2010 | 75,45,165 | 18,50,228 | 760000 | 0 | 10,90,228 |

.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37,409 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ |
|---|---|---|---|---|---|
| 1 | 2016-17 | 2.2(3) | 2,850 | വ്യാസ് തോമസ് | 117020400008 |
| 2 | 2016-17 | 2.2(3) | 2,850 | വ്യാസ് തോമസ് | 117020400001 |
| 3 | 2016-17 | 2.2(3) | 5,000 | വ്യാസ് തോമസ് | 117020400009 |
| 4 | 2016-17 | 2.2(3) | 3,800 | വ്യാസ് തോമസ് | 117020400015 |
| 5 | 2016-17 | 2.2(3) | 3,000 | ആയത്തുള്ള ഖുമൈനി | 117020400013 |
| 6 | 2016-17 | 2.2(3) | 4,000 | അബ്ദുൾ ലത്തീഫ് | 117020400011 |
| 7 | 2016-17 | 2.2(3) | 3,000 | ജമാൽ കാഞ്ഞിരപ്പറമ്പ് | 117020400013 |
| 8 | 2016-17 | 2.2(1) | 10,000 | രവീന്ദ്രൻ സ്രാമ്പിക്കൽ | 117020400016 |
| 9 | 2016-17 | 2.2(3) | 2,909 | ധനൻ | 117020400010 |
| | | ആകെ | 37,409 | | |

.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 14-15 | 2.1 | 2016-17 | അനുബന്ധം-4 | വസ്തുനികുതി | അപാകത പരിഹരിച്ചു |
| 2 | 15-16 | 2.2 | 2016-17 | അനുബന്ധം-5 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത്.<br><br>2. റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത്. | 1.അപാകത പരിഹരിച്ചു.<br><br>2. ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരിക്കുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,38,84,740 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,46,38,097 |
| വരവിനങ്ങളിലുള്ള നഷ്ടം | 650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17,330 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,54,070 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവിലെ നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 500 | | ശ്രീ. സഞ്ജയ് പ്രഭു, സെക്രട്ടറി |
| 2-2 | 150 | | ശ്രീ. സഞ്ജയ് പ്രഭു, സെക്രട്ടറി |
| 3-1 | | 17,330 | ശ്രീ. സഞ്ജയ് പ്രഭു, സെക്രട്ടറി |
| ആകെ | 650 | 17,330 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 43,277 | ഡോ: ഷീബ തോമസ്,മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ആശുപത്രി, എളങ്കുന്നപ്പുഴ |
| 3-4 | 10,44,793 | ശ്രീ. സഞ്ജയ് പ്രഭു, സെക്രട്ടറി |
| 3-5 | 66,000 | ഡോ ബീന,വെറ്ററിനറി സർജൻ |
| ആകെ | 11,54,070 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ

സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സഞ്ജയ് പ്രഭു, സെക്രട്ടറി | കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് | സദ്ഗമയ,ഗവ.ഗേൾസ്. എച്ച്എസ്.എ.സി ന സമീപം,വടക്കൻ പറവൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ എഫ് ഇ (പി 3) 1897/13 തീ. 30.01.2011 |
| 1998-99 | എൽ എഫ് ഇ (പി 3) 1897/13 തീ. 30.01.2011 |
| 1999-2000 | എൽ എഫ് ഇ (പി 3) 1897/13 തീ.30.01.2011 |
| 2000-01 | എൽ എഫ് ഇ (പി 3) 1897/13 തീ.30.01.2011 |
| 2001-02 | എൽ എഫ് ഇ (പി 3) 761/06തീ.10.04.2006 |
| 2002-03 | എൽ എഫ് ഇ (പി 3) 362/02തീ.05.12.2005 |
| 2003-04 | എൽ എഫ് ഇ (പി 3) 1173/06 തീ.10.01.2007 |
| 2004-05 | എൽ എഫ് ഇ (പി 3) 1830/09 തീ.06.03.2007 |
| 2005-06 | എൽ എഫ് ഇ (പി 3) 138/11 തീ.10.05.2011 |
| 2006-07 | എൽ എഫ് ഇ (പി 3) 702/10 തീ.04.08 2010 |
| 2007-08 | എൽ എഫ് ഇ (പി 3) /703/10 തീ.28.10.2010 |
| 2008-09 | എൽ എഫ് ഇ (പി 3) 1504/12 തീ.13.09.2012 |
| 2009-10 | എൽ എഫ് ഇ (പി 3) /728/12 തീ.13.06.2012 |
| 2010-11 | എൽ എഫ് ഇ (പി 3) 1504/12 തീ.13.09.2012 |
| 2011-12 | എൽ എഫ് ഇ (പി 3) 156/14 തീ.14-11-2014 |
| 2012-13 | എൽ എഫ് ഇ (പി 3) 156/14 തീ.14-11-2014 |
| 2013-14 | എൽ എഫ് ഇ (പി 3)/913(എ)/15 തീ.08.07.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി3) 1108/2016 തീ. 07.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി3) 2040/2016 തീയതി. 04.12.2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി3) 1785/2017 തീയതി. 21.10.2017/17-11-2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിടമം വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295 (6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 64 [ 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 60 ] എന്നിവ അനുസരിച്ചും പഞ്ചായത്ത് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

. എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

.

**2017-18** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) ഡെവലപ്മെന്റ് ഫണ്ട് (G) എന്ന ശീർഷകത്തിൽ RP -7പ്രകാരമുള്ള തുകയും ACR പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2) വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡിസിബി വർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3) ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൌണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ